(ബി & സി) 1-6-2014-ൽ ടൈപ്പിസ്റ്റ് ഗ്രേഡ് II-ൽ 131 പേരാണുള്ളത് (കേഡർ സ്ട്രെങ്ത് - 109) ടൈപ്പിസ്റ്റ് ഗ്രേഡ് I-ൽ 69 പേരുടെ വ്യത്യാസമുണ്ടെങ്കിലും ടൈപ്പിസ്റ്റ് ഗ്രേഡ് II, സീനിയർ ഗ്രേഡ്, സെലക്ഷൻ ഗ്രേഡ് എന്നീ തസ്തികകളിൽ മൊത്തം 61 പേർ അധികമായി നിൽക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കേഡർ സ്ട്രെങ്ത് യഥാർത്ഥ നിലയിലേക്ക് പുനഃസ്ഥാപിക്കേണ്ടതുണ്ട്. നിലവിൽ 8 NJD ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് തടസ്സങ്ങളൊന്നുമില്ല. ടൈപ്പിസ്റ്റുമാരുടെ മൊത്തം കേഡർ സ്ട്രെങ്ത് 434 ആണ്.

(ഡി) ബാധകമല്ല.

സൂപ്പർന്യൂമററി തസ്തികയിലെ ക്ലാർക്കുമാരുടെ സീനിയോറിറ്റി

54 (6201) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരേ സർക്കാർ ഉത്തരവിൽ ഒരേ ദിവസം സൂപ്പർന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ക്ലാർക്കുമാരുടെ സർവ്വീസ് സീനിയോറിറ്റി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(ബി) ഒരേ സർക്കാർ ഉത്തരവിൽ ഒരേ ദിവസം ഒരു വകുപ്പിൽ സൂപ്പർന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിച്ച എൽ.ഡി.സി. മാരുടെയും ആശ്രിത നിയമനംവഴി ജോലിയിൽ പ്രവേശിച്ച എൽ.ഡി.സി. മാരുടെയും സർവ്വീസ് സീനിയോറിറ്റി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ & ബി) സർക്കാർ സർവ്വീസിൽ വിവിധ ആവശ്യങ്ങൾക്കായി സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കാറുണ്ട്. അങ്ങനെ സൃഷ്ടിക്കപ്പെടുന്ന സൂപ്പർന്യൂമററി തസ്തികകളിൽ നിയമിതരാകുന്നവരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നതിന് വ്യത്യസ്ത മാനദണ്ഡങ്ങളാണ് അവലംബിക്കുന്നത്. സൂപ്പർന്യൂമററി തസ്തികകളിൽ ആശ്രിത നിയമനംവഴി ജോലിയിൽ പ്രവേശിച്ചവരുടെ സീനിയോറിറ്റി നിശ്ചയിക്കുന്നതിന് മാനദണ്ഡങ്ങൾ രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

പിതൃത്വാവധി ഡ്യൂട്ടിയായി പരിഗണിക്കുന്നതിന് നടപടി

55 (6202) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് പിതൃത്വാവധി അനുവദിച്ചിട്ടുണ്ടോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) എത്ര ദിവസമാണ് പിതൃത്വാവധി അനുവദിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly